**No. CEE/4848/2013/KEAM-2014/TA1**


കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


## വിജ്ഞാപനം

## 2014–ലെ എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട അലോട്ട്മെന്റിനുശേഷം ഒഴിവുവന്ന സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

2014-ലെ എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട അലോട്ട്മെന്റിനു ശേഷം സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിൽ ഒഴിവുവന്ന സീറ്റുകളിലേയ്ക്കുള്ള ഓൺലൈൻ അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അനുവദിച്ചിട്ടുള്ള സംവരണം, അടയ്ക്കേണ്ട ട്യൂഷൻ ഫീസ് എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ ഘട്ടത്തിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ് **2014-സെപ്റ്റംബർ 19,20** തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻ അലോട്ട്മെന്റിൽ നിന്നും വ്യത്യസ്തമായ അലോട്ട്മെന്റ് എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് ഈ ഘട്ടത്തിൽ ലഭിച്ചവർ അധിക തുക പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുണ്ടെങ്കിൽ അത് **2014 സെപ്റ്റംബർ 19, 20** തീയതികളിൽ **SBT** ബ്രാഞ്ചിൽ അടയ്ക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും നിശ്ചിത തീയതികളിൽ ഫീസ്/ അധിക തുക സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ തെരഞ്ഞെടുത്ത ശാഖകളിൽ അടച്ച ശേഷം **20.09.2014** ന് **വൈകുന്നേരം 5 മണിയ്**ക്കു മുൻപായി അതത് കോളേജുകളിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ഫീസ്/ അധിക തുക ഒടുക്കാതിരിക്കുകയോ, കോളേജിൽ ഹാജരായി പ്രവേശനം നേടാതിരിക്കുകയോ ചെയ്യുന്ന പക്ഷം ലഭിച്ച അലോട്ട്മെന്റും നിലവിലെ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്.

| | |
|---|---|
| **ഫീസ് അടയ്ക്കേണ്ട തീയതികൾ** | **19.09.2014 & 20.09.2014** |
| **കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ട തീയതികൾ** | **19.09.2014 & 20.09.2014** |

എല്ലാ മെഡിക്കൽ/ഡന്റൽ കോളേജ് അധികാരികളും **20.09.2014 വൈകുന്നേരം 5.30** മണിയ്ക്ക് മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നോൺ ജോയിനിംഗ് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്:- പ്രസ്തുത അലോട്ട്മെന്റ് സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിലേയ്ക്കുള്ള അവസാന അലോട്ട്മെന്റ് ആയതിനാൽ ഇത്തരം കോളേജുകളിലേയ്ക്ക് പുതുതായി അലോട്ട്മെന്റ് ലഭിക്കുന്നവർ ഉറപ്പായും അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരം 10 ലക്ഷം രൂപ ലിക്വിഡേറ്റഡ് ഡാമേജ് ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും.**

**കുറിപ്പ്: സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും, സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജുകളിലും പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ഡന്റൽ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4/ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് നൽകാൻ ബാധ്യത ഉണ്ടായിരിക്കുന്നതാണ്.**

കൂടുതൽ വിവരങ്ങൾക്ക് 0471 2339101, 2339102, 2339103, 2339104 എന്നീ ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം

18.09.2014